# ക്രിസ്തുവിന്റെ പുനരുത്ഥാനം – മനുഷ്യമാഹാത്മ്യപ്രഘോഷണം

ഡോ. ജെയിംസ് കുറിച്ചി

പന്തിയോസ് പീലാത്തോസ് യൂദയായിലെ റോമൻ ഗവർണറും കയ്യേഫാസ് യഹൂദരുടെ പ്രധാന പുരോഹിതനും ഹേറോദോസ് അന്തിപ്പാസ് ഗ്ലീലായിലെ ഭരണാധികാരിയും ആയിരിക്കുമ്പോൾ യേശു കാൽവരി മലയിൽ കുരിശിന്മേൽ വധിക്കപ്പെട്ടു; ശിഷ്യന്മാർ അദ്ദേഹത്തെ കല്ലറയിൽ സംസ്ക്കരിച്ചു; പടയാളികൾ കല്ലറയ്ക്കു മുമ്പിൽ കാവലുമായി. ആ ഗലീലയാക്കാരൻ വിപ്ലവകാരിയുടെ കഥ കഴിഞ്ഞു എന്നായിരുന്നു യേശുവിന്റെ ശത്രുക്കളുടെ വിചാരം.

എന്നാൽ, ജയഭേരി മുഴക്കികൊണ്ടിരുന്ന ശത്രുക്കളെ വെല്ലുവിളിച്ചുകൊണ്ട്, ‘‘എന്റെ ജീവൻ അർപ്പിക്കാനും അതു തിരിച്ചെടുക്കാനും എനിക്ക് അധികാരമുണ്ട്’’ എന്നു താൻ പ്രഖ്യാപിച്ചത് അന്വർഥമാക്കികൊണ്ട്, ദു:ഖവെള്ളിയാഴ്ച കഴിഞ്ഞുള്ള ഞായറാഴ്ച പ്രഭാതത്തിൽ പ്രതാപവാനായി യേശു ഉയിർത്തെഴുന്നേറ്റു. ഈ സംഭവമാണ് ക്രിസ്ത്യാനികൾ ഈസ്റ്റർ ദിനത്തിൽ അനുസ്മരിക്കുകയും ആഘോഷിക്കുകയും ചെയ്യുന്നത്.

ഒരു ചരിത്രസംഭവത്തിന്റെ അനുസ്മരണത്തിലോ ആഘോഷത്തിലോ മാത്രം ഒതുങ്ങുന്നില്ല ഈസ്റ്ററിന്റെ പൊരുൾ. അത് വെറുമൊരു ചരിത്ര സംഭവം മാത്രമല്ല. ചരിത്രത്തിനും സ്ഥലകാലങ്ങൾക്കും അതീതമായ അർഥവ്യാപ്തിയും ആശയങ്ങളും ഉൾക്കൊള്ളുന്നതാണ് ഈസ്റ്റർ. മരണത്തിനപ്പുറത്തേക്കുള്ള ചൂണ്ടുപലകയും മനുഷ്യന്റെ പ്രത്യേകിച്ചും മനുഷ്യശരീരത്തിന്റെ മാഹാത്മ്യപ്രഘോഷണവുമാണത്.

മരണമെന്നു നാം വിശേഷിപ്പിക്കുന്ന പ്രതിഭാസത്തോടെ മനുഷ്യജീവിതം അവസാനിക്കുന്നില്ലെന്നാണല്ലോ എല്ലാ മതങ്ങളും പഠിപ്പിക്കുക. സാർവ്വത്രികമായ ഈ വിശ്വാസത്തിനുള്ള തെളിവാണു ക്രിസ്തുവിന്റെ പുനരുത്ഥാനം. മനുഷ്യവംശത്തിന്റെ (ദൈവവജനത്തിന്റെ) ആദ്യജാതനെന്നാണു പ്രവാചകർ ക്രിസ്തുവിനെ വിശേഷിപ്പിക്കുക.  ആദ്യജാതനായ ക്രിസ്തു മരിച്ചശേഷം ഉയിർത്തെഴുന്നേറ്റെങ്കിൽ എല്ലാ മനുഷ്യരും മരണശേഷം ഉയിർത്തെഴുന്നേൽക്കുമെന്നു ക്രിസ്ത്യാനികൾ വിശ്വസിക്കുന്നു. യേശുവും അപ്പസ്തോലന്മാരും പഠിപ്പിച്ചതും ഇതുതന്നെ.

യേശു തന്റെ പ്രബോധനങ്ങൾക്കിടയിൽ പലപ്പോഴും മരിച്ചവരുടെ പുനരുത്ഥാനത്തെപ്പറ്റി സംസാരിച്ചിട്ടുണ്ട്. “ഇതിൽ നിങ്ങൾ വിസ്മയിക്കേണ്ട. എന്തെന്നാൽ കല്ലറയിലുള്ളവരെല്ലാം അവന്റെ സ്വരം ശ്രവിക്കുന്ന സമയം വരുന്നു. അപ്പോൾ നന്മ ചെയ്തവർ ജീവന്റെ ഉയിർപ്പിനായും തിന്മ ചയ്തവർ ശിക്ഷാവിധിയുടെ ഉയിർപ്പിനായും പുറത്തുവരും” (ജോൺ 5:28–29). യഹൂദപ്രമാണികളിൽ ഒരുവന്റെ വീട്ടിലെ സദ്യയിൽ സംബന്ധിച്ചുകൊണ്ടിരുന്ന യേശു തന്റെ ആതിഥേയനോടു പറഞ്ഞു: “എന്നാൽ, നീ സദ്യ നടത്തുമ്പോൾ ദരിദ്രർ, വികലാംഗർ, മുടന്തർ, കുരുടർ എന്നിവരെ ക്ഷണിക്കുക. അപ്പോൾ നീ ഭാഗ്യവാനായിരിക്കും; എന്തെന്നൽ പകരം നൽകാൻ അവരുടെ പക്കൽ ഒന്നുമില്ല. നീതിമാന്മാരുടെ പുനരുത്ഥാനത്തിൽ നിനക്കു പ്രതിഫലം ലഭിക്കും” (ലൂക്ക 14:13–14). മറ്റു പല അവസരങ്ങളിലും യേശു മനുഷ്യന്റെ മരണാനന്തരോത്ഥാനത്തെ സൂചിപ്പിച്ചിട്ടുണ്ട്.

യേശുശിഷ്യന്മാരുടെ പ്രബോധനങ്ങളുടെ കാതൽ തങ്ങളുടെ ഗുരുവിന്റെ ഉയിർപ്പ് മാത്രമായിരുന്നില്ല. മരണാനന്തരം എല്ലാ മനുഷ്യർക്കും സംഭവിക്കാനിരിക്കുന്ന ഉത്ഥാനവും അതിൽ ഉൾപ്പെട്ടിരുന്നു.  സർവ്വ

മനുഷ്യരുടെയും ഉയിർപ്പിന്റെ അച്ചാരമായി യേശുവിന്റെ ഉയിർപ്പിനെ അവർ മനസ്സിലാക്കുകയും പ്രസംഗിക്കുകയും ചെയ്തു.

പൗലോസപ്പസ്തോലൻ ചോദിക്കുന്നു: ''ക്രിസ്തു മരിച്ചവരിൽ നിന്നു ഉയിർപ്പിക്കപ്പെട്ടതായി പ്രഘോഷിക്കപ്പെടുന്നെങ്കിൽ മരിച്ചവർക്കു പുനരുത്ഥാനം ഇല്ലെന്നു നിങ്ങളിൽ ചിലർ പറയുന്നതെങ്ങിനെ? മരിച്ചവർക്കു പുനരുത്ഥാനം ഇല്ലെങ്കിൽ ക്രിസ്തുവും ഉയിർപ്പിക്കപ്പെട്ടിട്ടില്ല. ക്രിസ്തു ഉയിർപ്പിക്കപ്പെട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർഥമാണ്. നിങ്ങളുടെ വിശ്വാസവും വ്യർത്ഥം'' (1 കൊറി. 15:12-15). ഇതിന്റെ അർത്ഥം ക്രിസ്തുവിന്റെ ഊയിർപ്പും മരിച്ചവരുടെ ഉയിർപ്പും അഭേദ്യമായി ബന്ധപ്പെട്ടതാണെന്നല്ലേ.

മനുഷ്യന് മരണത്തിനപ്പുറം ഒരു ജീവിതമുണ്ടെന്നും ആ ജീവിതം ഈ ലോകജീവിതത്തിന്റെ തുടർച്ചയാണെന്നും ഈസ്റ്റർ വിളംബരം ചെയ്യുന്നു. ഈ ലോകത്തിൽ മനുഷ്യൻ ജീവിക്കുന്നത് ഭൗതിക (സ്ഥൂല) ശരീരത്തോടെയാണ്. യേശു ഉത്ഥാനം ചെയ്തത് അത്തരം ശരീരത്തോടെ ആയിരുന്നില്ലെന്നു ബൈബിൾ വ്യക്തമാക്കുന്നു. മുറിയുടെ വാതായനങ്ങൾ അടച്ച് അകത്തിരുന്ന ശിഷ്യർക്ക് യേശു വാതിൽ തുറക്കാതെ പ്രത്യക്ഷപ്പെടുന്നു (ജോൺ 20:26); ശിഷ്യരുടെ മുമ്പിൽ നിന്ന് പെട്ടെന്ന് അപ്രത്യക്ഷാകുന്നു (ലൂക്ക 24:31); ഗ്രാമത്തിലേക്കു നടന്നുപോകുന്ന രണ്ടു ശിഷ്യർക്ക് യേശു വേറെ രൂപത്തിൽ പ്രത്യക്ഷപ്പെടുന്നു (മർക്കോസ് 16:12). മരാണാനന്തരം ഉയിർപ്പിക്കപ്പെടുന്ന മനുഷ്യരെ പറ്റി ക്രിസ്തു യഹൂദരിലെ സദുക്കായരോടു പറഞ്ഞ വാക്കുകൾ ശ്രദ്ധേയമാണ്: ''നിങ്ങൾക്കു തെറ്റുപറ്റിയിരിക്കുന്നു. പുനരുത്ഥാനത്തിൽ അവർ വിവാഹം ചെയ്യുകയോ ചെയ്തു കൊടുക്കുകയോ ഇല്ല. അവർ സ്വർഗ്ഗദൂതന്മാരെപ്പോലെ ആയിരിക്കും'' (മത്തായി 22:30-31). അനശ്വരവും മഹത്വപൂർണവുമായ ആത്മീയ ശരീരമായിരിക്കും ഉയിർപ്പിക്കപ്പെടുന്ന മനുഷ്യരുടേതെന്നു പൗലോസ് അപ്പസ്തോലൻ വ്യക്തമക്കുന്നുണ്ട് (1 കൊറി. 42-44).

യേശുവിന്റെ പുനരുത്ഥാനം വിരൽ ചൂണ്ടുന്നത് മഹത്വപൂർണവും അനശ്വരവുമായി മാറാനുള്ളവരാണു മനുഷ്യരെന്ന സത്യത്തിലേക്കാണ്. ഇത് എന്നെയോ നിങ്ങളെയോ മത്രമല്ല എല്ലാ മനുഷ്യരെയും സബന്ധിക്കുന്ന കാര്യമാകുന്നു. മനുഷ്യന്റെ ആത്മാവുമത്രമല്ല അമർത്ത്യതയിലേക്കും അനശ്വരതയിലേക്കും കടക്കുക; പ്രത്യുത, ശരീരം കൂടിയാണ്. ഇതാണു യേശുവിന്റെ പുനുരുത്ഥാനം വ്യക്തമാക്കുന്നത്.

സ്വന്തം ശരീരത്തെയും മറ്റുള്ളവരുടെ ശരീരത്തെയും ബഹുമാനിക്കണം എന്നതത്രെ ഈസ്റ്ററിന്റെ ഉൾക്കാമ്പ്. മാന്യമായ ജീവിതസാഹചര്യങ്ങൾ എല്ലാ മനുഷ്യർക്കും അവകാശപ്പെട്ടതാണെന്നും അതിന് ആരും തടസ്സമാകരുതെന്നും ഈസ്റ്റർ ഉദ്ബോധിപ്പിക്കുന്നു. ഈ ഉദ്ബോധനം ഉൾക്കൊണ്ടു ജീവിക്കുന്നവർ മാത്രമേ യഥാർത്ഥത്തിൽ ഈസ്റ്റർ ആഘോഷിക്കുന്നുള്ളൂ. മറ്റുള്ളവർക്ക് അതു പ്രതിവർഷ പഞ്ചാംഗത്തിലെ ഒരു കുറിപ്പു മാത്രം.

ജീവിക്കാതെ ജീവിക്കുന്ന മനുഷ്യർ ഈ ലോകത്തിലുണ്ടായിരിക്കുമ്പോൾ, വിശപ്പടക്കാൻ നിർവാഹമില്ലഞ്ഞിട്ട് ഒരു പിടി അരി മോഷ്ടിക്കാൻ നിർബന്ധിതരാകുന്ന വ്യക്തികൾ മനുഷ്യരുടെ ഇടയിൽ ഉണ്ടായിരിക്കുകയും അവരെ ദയനീയമായി തല്ലിക്കൊല്ലുന്ന ക്രൂരന്മാർ ജീവിച്ചിരിക്കുകയും ചെയ്യുമ്പോൾ ഈസ്റ്റർ ആഘോഷം സമൂഹത്തിന്റെ നേരെയുള്ള വലിയൊരു ചോദ്യചിഹ്നം മാത്രം!

-----